(സി) അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്തിനായി പല പരിഹാര നടപടികളും സ്വീകരിക്കുകയുണ്ടായി. ക്ലറിക്കൽ വിഭാഗത്തിന്റെ അപര്യാപ്തത നികത്തുന്നതിനായി പുതിയ നിയമനങ്ങൾ നടത്തി. എല്ലാ ഡിപ്പോകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയതുവഴി വേബിൽ ഓഡിറ്റിംഗിൽ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞു. അഞ്ച് (5) ഔട്ട് ആഡിറ്റ് പാർട്ടികളെ ഉൾപ്പെടുത്തി ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി. എല്ലാ ഡിപ്പോകളിൽ നിന്നും ഇന്റർനെറ്റ് വഴി വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനു സാധിച്ചു.

ഈ വക നടപടികളുടെ ഭാഗമായി വാർഷിക കണക്കിൽ ഉണ്ടായിരുന്ന കുടിശ്ശിക സമയബന്ധിതമായി തീർക്കുന്നതിനു സാധിക്കുന്നുണ്ട്. ഏകദേശം 2 വർഷം കൊണ്ട് 2004-05 മുതൽ 2007-08 വരെയുള്ള വാർഷിക കണക്കുകൾ പൂർത്തീകരിക്കുകയും 2008-09-ലെ കണക്ക് സെപ്തംബറിൽ തീർക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കെൽട്രോണുമായി സഹകരിച്ച് കുറ്റമറ്റ ഒരു അക്കൗണ്ടിംഗ് പാക്കേജ് തയ്യാറാക്കി വരുന്നു. 2011-ഓടുകൂടി ഈ സംവിധാനം നിലവിൽ വരുന്നതാണ്.

**കെ.എസ്.ആർ.ടി.സി. യിൽ നഷ്ടപ്പെട്ട ഫയലുകൾ കണ്ടെത്താൻ നടപടി**

**143 (5363)** ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് വളരെ നിർണ്ണായകമായ ഫയലുകൾ കെ.എസ്.ആർ.ടി.സി.യിൽ നിന്ന് അപ്രത്യക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫയലുകൾ നഷ്ടമായതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര കോടികൾ നഷ്ടമായെന്ന് വ്യക്തമാക്കുമോ ; ഇതിനുത്തരവാദികളായവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. യു. സി. 2001-04-ലെ 28-ാമത് റിപ്പോർട്ടിൽ 1986-91 കാലയളവിൽ നടന്ന പർച്ചേസിൽ ചില ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനെത്തുടർന്നുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ലായെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഫയൽ ഇപ്പോഴും കണ്ടെത്തിയിട്ടില്ല.

(ബി) ഫയൽ കണ്ടെത്തിയാൽ മാത്രമേ യഥാർത്ഥത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്താനാകൂ. ഈ വിഷയത്തിൽ തുടർ നടപടികൾ എടുക്കുന്നതിനായി ഫയൽ നഷ്ടപ്പെട്ട കാര്യം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ കൊണ്ട് അന്വേഷിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly